പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2524 19.12.2012 ൽ മറുപടിയ്ക്ക്

## തൃക്കാക്കരയിലെ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ നിർമ്മാണ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) തൃക്കാക്കരയിൽ പുതുതായി ആരംഭിക്കുന്ന റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായെന്ന് വ്യക്തമാക്കുമോ : | (എ) തൃക്കാക്കര സ്ഥാപിക്കുന്ന റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ നിർമ്മാണം പൂർത്തിയായി വരുന്നു.. ഫ്ളോറിങ്, പാർട്ടീഷ്യൻ ജോലികൾ നടന്നു കൊണ്ടിരിക്കുന്നു. |
| (ബി)2013 മാർച്ച് 31-ന് മുമ്പ് ഇതിന്റെ പ്രവർത്തനോദ്ഘാടനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) ആവശ്യമായ ഫണ്ടും ജീവനക്കാരുടെ തസ്തികകളും അനുവദിക്കുന്ന പക്ഷം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തികരിച്ച് ലബോറട്ടറിയുടെ പ്രവർത്തനം 2013-14 വർഷത്തിൽ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾക്കും ഉപകരണങ്ങൾ വാങ്ങുന്നതിനും അഡീഷണൽ തുക അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ? | (സി) ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾക്കും ഉപകരണങ്ങൾ വാങ്ങുന്നതിനും വേണ്ടി 700 ലക്ഷം രൂപയുടെ പ്രൊപ്പോസലും കൂടാതെ ജീവനക്കാരുടെ തസ്തികകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലും സർക്കാരിന്റെ പരിഗണനയിലാണ് |

സെക്ഷൻ ഓഫീസർ